ശ്രീ. പി. ജെ. ജോസഫ് : സർ, ഇത് നബാർഡ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. ഏതായാലും ഇക്കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധചെലുത്തുന്നതാണ്.

ഹില്ലി അക്വ

3 (*213) ശ്രീ. കെ.എൻ.എ.ഖാദർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കുപ്പിവെള്ള സംരംഭമായ "ഹില്ലി അക്വ"യുടെ വിപണന സാദ്ധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഉല്പാദനവും വിപണനവും തമ്മിൽ അന്തരമുണ്ടോ ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) കുപ്പിവെള്ള വിപണിയിൽ ഹില്ലി അക്വയ്ക്ക് അർഹമായ വിപണി ഉണ്ടാക്കിയെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) സർക്കാർ സംരംഭ കുപ്പിവെള്ളമായ ഹില്ലി അക്വായുടെ വിപണന സാധ്യത വിലയിരുത്തിയിട്ടുണ്ട്. കുപ്പിവെള്ള വിപണിയുടെ 36 ശതമാനം മേധാവിത്വവും വൻകിട കമ്പനികളുടേതാണ്. ശേഷിക്കുന്ന 34 ശതമാനം അസംഘടിതരായ ചെറുകിട യൂണിറ്റുകൾ കയ്യടക്കിയിരിക്കുന്നു. ബാക്കിയുള്ള വിഭാഗം സർക്കാർ സംരംഭങ്ങളാണ്. അവിടെയും വളരെക്കുറച്ചു കമ്പനികൾ മാത്രമാണ് ഉൽപ്പാദനവും വിപണനവും സ്വന്തമായി ചെയ്യുന്നത്. ഉല്പാദനവും വിപണനവും സ്വന്തമായി ചെയ്യുന്നതിലൂടെ കെ.ഐ.ഐ.ഡി.സി.-യും, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റും വ്യത്യസ്തത പുലർത്തുന്നുണ്ട്. ഹില്ലി അക്വാ അങ്ങനെ മറ്റു ബ്രാൻഡുകളിൽ നിന്ന് ഗുണമേന്മയിലും വിശ്വാസ്യതയിലും വേറിട്ട് നിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. നിലവിൽ ഈ ഫാക്ടറിയുടെ ഉല്പാദനശേഷി ഒരു ഷിഫ്റ്റിൽ ഒരു ലിറ്ററിന്റെ 60,000 കപ്പികളാണ്. എന്നാൽ, ഡിസ്ട്രിബ്യൂട്ടർമാരുടെ ആവശ്യം പ്രതിദിനം ഒരു ലിറ്ററിന്റെ 1,20,000 കപ്പിവെള്ളമാണ്.

(സി) കണിശവും സങ്കീർണ്ണവുമായ പ്രക്രിയകളിലൂടെ നിർമ്മിക്കപ്പെടുന്ന ഹില്ലി അക്വാ അതേ ഗുണമേന്മ നിലനിർത്തി ഏറ്റവും കുറഞ്ഞ നിരക്കിൽ വിപണിയിൽ എത്തിച്ച് വ്യാപക പരസ്യങ്ങളുടെ സഹായത്തോടുകൂടി കുപ്പിവെള്ള വിപണിയിൽ ഹില്ലി അക്വയ്ക്ക് അർഹമായ സ്ഥാനം ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, സർക്കാരിന്റെ ഈ സംരംഭം വളരെ സ്വാഗതാർഹമാണ്. മലങ്കര ഡാമിൽനിന്ന് വെള്ളമെടുത്ത് തൊടുപുഴ കേന്ദ്രമാക്കി പശ്ചിമ ഘട്ടത്തിലെ തെളിനീരെടുത്ത് ഏറ്റവും നല്ല കുടിവെള്ളം കുറഞ്ഞ വിലയ്ക്ക് വിറ്റഴിക്കാനുള്ള ഈ സംരംഭം ഇതുവരെ വ്യാപകമായിട്ടില്ല. അതിനുവേണ്ടി സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ എല്ലാസ്ഥലത്തും ഈ വെള്ളം വിറ്റഴിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. അതുപോലെ ഇതൊരു സർക്കാർ സംരംഭമായതുകൊണ്ട് ഇതിനെ ഒരു ബ്യൂറോക്രാറ്റിക് സംവിധാനമുണ്ടാക്കിയിട്ട് കുറച്ച് ആളുകൾക്ക് ഡെപ്യൂട്ടേഷനിൽ വന്നിരിക്കാനും (എം.ഡി., മാനേജർ, സൂപ്പർവൈസർ) ആകെ ഉല്പാദിപ്പിക്കുന്ന കുപ്പിയെക്കാൾ അധികം ജീവനക്കാരെ നിയോഗിക്കുന്ന തരത്തിൽ തരംതാഴ്ത്തപോകാൻ പാടില്ല. അതുകൊണ്ട് വളരെ സ്വാഗതാർഹമായ ഈ സംരംഭം കൂടുതൽ പണം ചെലവഴിച്ചാലും വ്യാപകമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഈ സംരംഭം വിജയകരമാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഒരു യൂണിറ്റുകൂടി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കറ്റ്യാടി-പെരുവണ്ണാമൂഴിയിലാണ് അത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. അതിനുള്ള സ്ഥലവും നിശ്ചയിച്ച് കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഉല്പാദനത്തിന് അടിയന്തരനടപടി സ്വീകരിക്കുന്നതാണ്. ബ്യൂറോക്രാറ്റിക് സംവിധാനത്തിലൂടെയല്ല ഏജൻസികൾ വഴി മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ഗവൺമെന്റ് സ്ഥാപനങ്ങളിലുമെല്ലാം ഈ വെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, കുപ്പിവെള്ളത്തിൽ പല രോഗങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

കാരണമാകുന്ന അണുക്കളുണ്ടെന്ന് റിപ്പോർട്ടുകളിൽ കാണുന്നു. കുപ്പിവെള്ളം എടുക്കുന്ന സ്രോതസ്സുകൾ ഇടയ്ക്കിടെ പരിശോധിക്കുന്നതിനും കേരളത്തിൽ വിറ്റഴിക്കുന്ന കുപ്പിവെള്ളത്തിന്റെ സാമ്പിളുകൾ ഇടയ്ക്കിടയ്ക്ക് പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. ജെ. ജോസഫ്</u> : സർ, ഇന്ന് നിലവിലുള്ള കുപ്പിവെള്ള കമ്പനികളെക്കുറിച്ചാണ് ചോദ്യം. ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾത്തന്നെയുണ്ട്. ഇത് ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായിചേർന്ന് നടത്തേണ്ട കാര്യമാണ്. തീർച്ചയായും ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള സംവിധാനം വരേണ്ടതാണ്. തീർച്ചയായും ഹില്ലി അക്വയ്ക്ക് ആ രീതിയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കണമെങ്കിൽ ഒരു കാര്യം കേരളത്തിൽ പരീക്ഷിക്കാവുന്നതാണ്. ഡൽഹിയിൽ ഏകദേശം 35 വർഷമായി മദർ ഡയറി എ.റ്റി.എം. ബൂത്തുകൾ ഉണ്ടാക്കിക്കൊണ്ടാണ് അവരുടെ വിശ്വാസ്യത വർദ്ധിപ്പിച്ചത്. അതുപോലെ പൊതുസ്ഥലങ്ങളിൽ അക്വ വാട്ടറിന്റെ എ.റ്റി.എം. ബൂത്തുകൾ സ്ഥാപിച്ചുകൊണ്ട് ആ രീതിയിൽ വെള്ളം വിതരണം ചെയ്താൽ ഗുണമേന്മ ഉറപ്പുവരുത്താനും ജനങ്ങളുടെ വിശ്വാസ്യതയുണ്ടാക്കാനും കഴിയും. അതിന് പരിശ്രമിക്കുമോ ?

<u>ശ്രീ. പി. ജെ. ജോസഫ്</u> : സർ, പൊതുജനങ്ങൾക്ക് ലഭ്യമാകത്തക്കവണ്ണം ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ഇതിന് പ്രത്യേകമായ ബൂത്തുകൾ ഉണ്ടാക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഇവിടെ തന്നിട്ടുള്ള ഉത്തരത്തിൽ ഈ ഫാക്ടറിയുടെ ഉല്പാദനശേഷി ഒരു ഷിഫ്റ്റിൽ ഒരു ലിറ്ററിന് 60000 കുപ്പികളാണ്. എന്നാൽ ആവശ്യമുള്ളത് 120000 കുപ്പിവെള്ളമാണ്. ഇതിന്റെ ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ എന്തെങ്കിലും പരിപാടികളുണ്ടോ?

<u>ശ്രീ. പി. ജെ. ജോസഫ്</u> : സർ, ഒരു പാരലൽ ലൈനുകൂടിയിട്ട് ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly